ദേശാഭിമാനി BETA

# ഡോ. എ ഗോപാലകൃഷ്ണന് ഏഷ്യൻ ഫിഷറീസ് സൊസൈറ്റി സ്വർണമെഡൽ

കൊച്ചി > കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണന് ഏഷ്യൻ ഫിഷറീസ് സൊസൈറ്റിയുടെ സ്വർണമെഡൽ ലഭിച്ചു. മത്സ്യകൂടുകൃഷിയുടെ പ്രചാരണത്തിന് സിഎംഎഫ്ആർഐ നടത്തിയ ഗവേഷണപ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായാണ് പുരസ്കാരം. മൂന്നു വർഷത്തിലൊരിക്കലാണിത് സമ്മാനിക്കുന്നത്.

കൂടുകൃഷി സമ്പ്രദായം മത്സ്യത്തൊഴിലാളികൾക്കിടയിൽ ജനകീയമാക്കുന്നതിന് വിവിധ സംസ്ഥാനങ്ങളിൽ സിഎംഎഫ്ആർഐ ഗവേഷണപ്രവർത്തനങ്ങളും പരിശീലനപരിപാടികളും നടത്തിവരുന്നുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെ നടത്തുന്ന 750ൽപ്പരം കൂടുകൃഷി സംരംഭങ്ങൾക്ക് സിഎംഎഫ്ആർഐ സാങ്കേതികസഹായം നൽകുന്നുണ്ട്.



► ഏഷ്യൻ ഫിഷറീസ് സൊസൈറ്റിയുടെ പ്രസിഡന്റ് പ്രൊഫ. ഷോലിൻ ഹോങ്ങിൽനിന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ സ്വർണമെഡൽ സ്വീകരിക്കുന്നു

ബാങ്കോക്കിൽ നടന്ന 11-ാമത് ഏഷ്യൻ ഫിഷറീസ് ആൻഡ് അക്വാകൾച്ചറൽ ഫോറത്തിൽ ഡോ. ഗോപാലകൃഷ്ണന് എഎഫ്എസ് പ്രസിഡന്റ് പ്രൊഫ. ഷോലിൻ ഹോങ് സ്വർണമെഡലും പ്രശസ്തിപത്രവും സമ്മാനിച്ചു. എഎഫ്എസ് എക്സിക്യൂട്ടീവ് കൗൺസിലിലേക്ക് ഇന്ത്യയുടെ പ്രതിനിധിയായി 13-ാമത് ജനറൽബോഡിയോഗം ഡോ. ഗോപാലകൃഷ്ണനെ നാമനിർദേശംചെയ്തു.

**August 18, 2016**